**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4029** **28-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐ.പി. സൗകര്യം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭയുടെ പരിധിയിൽ വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിൽസാ സൗകര്യം ഇല്ലാത്തതിനാൽ രോഗികൾ ഏറെ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനം ലഭ്യമായിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇത് സംബന്ധിച്ച് ലഭ്യമായ നിവേദനം പരിശോധിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിൽ കിടത്തി ചികിൽസയ്ക്കായി അകലെയുള്ള ആശുപതികളെ സമീപിക്കേണ്ടിവരുന്ന അവസ്ഥ കണക്കിലെടുത്ത് കോട്ടക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഐ.പി. സൗകര്യങ്ങളോട് കൂടിയ ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | 16.06.2018 ലെ സ.ഉ(കൈ) നം.113/2018/ ആ.കു.വ പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ള സ്ഥാപനമാണ് . നിലവിലെ ആർദ്രം മാനദണ്ഡപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. വൈകുന്നേരം 6 മണിവരെ ഒ പി സേവനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ